ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളം

179 (6884) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളവും തസ്തികയുടെ പേരുകളും പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ. ടി. ഐ. ഇൻസ്ട്രക്ടർമാർക്ക് കേന്ദ്ര സ്കെയിൽ നൽകണമെന്ന ബഹു. ഹൈക്കോടതി വിധിയുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ :

(സി) സമാനമായ മറ്റു മേഖലകളെ അപേക്ഷിച്ച് ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ജോലിഭാരം കൂടുതലും ശമ്പള സ്കെയിലിലെ കുറവും കാരണം ഇൻസ്ട്രക്ടർമാർ ജോലി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഡി) ഐ.ടി.ഐ.കളിലെ ജോലിഭാരം പരിഗണിച്ച് ജീവനക്കാരുടെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശമ്പളം പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.

180 (6885) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള പ്രൊപ്പോസലിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ.യിൽ എൻ.സി.വി.റ്റി., എസ്.സി.വി.റ്റി., സി.ഒ.ഇ വിഭാഗങ്ങളിലായി നിലവിലുള്ള ട്രേഡുകൾ കാർപെന്റർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ), ഇലക്ട്രോണിക്സ് മെക്കാനിക്, ഇലക്ട്രീഷ്യൻ, ഇലക്ട്രോപ്ലേറ്റർ, ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്, മെക്കാനിക് റഫ്രിജറേഷൻ & എയർ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടീഷനിംഗ്, മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ, പ്ലംബർ, ഷീറ്റ് മെറ്റൽ വർക്കർ, സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), സർവ്വേയർ, ടർണർ, വെൽഡർ, വയർമാൻ, മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ, ഫാബ്രിക്കേഷൻ ഫിറ്റിംഗ് & വെൽഡിംഗ് (ബേസിക് അഡ്വാൻസ്ഡ് മോഡ്യൂൾസ്) എന്നിവയാണ്.

(ബി) ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ ജോലി സാധ്യത കുറഞ്ഞതും കാലഹരണപ്പെട്ടതുമായ സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്), എം.ആർ.ടി.വി. എന്നീ ട്രേഡുകളുടെ രണ്ട് യൂണിറ്റുകൾ വീതം നിർത്തലാക്കി പകരം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), സർവ്വേയർ എന്നീ ട്രേഡുകളുടെ ഓരോ യൂണിറ്റും മെക്കാനിക്ക് ഡീസലിന്റെ രണ്ട് യൂണിറ്റും ആരംഭിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(സി) ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് രണ്ടാം നില പണിയുന്നതിന് 210 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യു.ഡി.-ൽ നിന്നും ലഭ്യമാക്കി പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച് മേൽപ്പറഞ്ഞ വർക്ക് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ

181 (6886) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കുവേണ്ടി കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ എവിടെയെല്ലാമാണ് സമാരംഭിച്ചിട്ടുള്ളത് ;

(ബി) കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ എല്ലാ താലൂക്കുകളിലും സമാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകൾ സമാരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക

182 (6887) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി പെൻഷനുകളുടെ കുടിശ്ശിക എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly